**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4087** **28-06-2024 - ൽ മറുപടിയ്ക്ക്**

**കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയർ സൊസൈറ്റിയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയർ സൊസൈറ്റിയിൽ മുൻ സർക്കാരിന്റെ കാലത്ത് നിരവധി അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്നും ആയത് ധനകാര്യ വിഭാഗം അന്വേഷണം നടത്തി കണ്ടെത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | **കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ മുൻ സർക്കാരിന്റെ കാലത്ത് അനധികൃത നിയമനങ്ങൾ നടന്നിട്ടില്ല.** |
| (ബി) | സർക്കാർ സർവീസിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്താം എന്നിരിക്കെ അനധികൃത നിയമനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എച്ച്.ആർ.ഡബ്ല്യു.എസ് സേവന നിയമങ്ങൾ പ്രകാരം 3 വിധത്തിലാണ് കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ നിയമനങ്ങൾ നടത്തേണ്ടത്.<br><br>(1) പി.എസ്.സി മുഖേന/സർക്കാർ നിർദ്ദേശ പ്രകാരം മറ്റ് മാർഗം .<br><br>(2)പത്ര പരസ്യത്തിലൂടെ അപേക്ഷകൾ സ്വീകരിച്ച് നേരിട്ടുള്ള നിയമനം,<br><br>(3)കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ .<br><br>കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഗവേർണിംഗ് ബോഡി തീരുമാന പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള (2), (3) രീതികളിലാണ് നിലവിൽ നിയമനം നടത്തുന്നത്. |
| (സി) | പ്രസ്തുത സൊസൈറ്റിയിൽ നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷന് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ ഫിനാൻസ് ഓഫിസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സീനിയർ സൂപ്രണ്ട് , ജൂനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. മറ്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് നിലവിൽ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ